"ഭരണഭാഷ- മാതൃഭാഷ"

OFFICE OF THE DIRECTOR OF TECHNICAL EDUCATION
17 OCT 2025
THIRUVANANTHAPURAM-33

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - സാങ്കേതികം - ജീവനകാര്യം - തൃക്കരിപ്പൂർ സർക്കാർ പോളിടെക്‌നിക്ക് കോളേജിലെ ക്ലാർക്ക് ശ്രീ ചന്ദ്രമോഹൻ ടി കെ. ക്ക് പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

G.O.(Rt)No.1334/2025/HEDN തീയതി,തിരുവനന്തപുരം, 13-10-2025

---

പരാമർശം:-
1. 27.08.2025 തീയതിയിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ED1/6960/2025/ഡി.ടി.ഇ നമ്പർ കത്ത്.
2. 25.07.2025 തീയതിയിൽ ശ്രീ.ചന്ദ്രമോഹൻ.ടി.കെ സമർപ്പിച്ച പ്രത്യേക അവശത അവധി അപേക്ഷ.

ഉത്തരവ്

തൃക്കരിപ്പൂർ സർക്കാർ പോളിടെക്‌നിക് കോളേജിലെ ക്ലാർക്ക് ശ്രീ ചന്ദ്രമോഹൻ ടി കെ, 10.07.2025 ൽ വീട്ടിൽ നിന്ന് സ്ഥാപനത്തിലേക്കുള്ള യാത്ര മദ്ധ്യേ ടിയാൾ സഞ്ചരിച്ചിരുന്ന വാഹനത്തിൽ ടിപ്പർ ലോറി ഇടിച്ച് ഗുരുതരമായി പരിക്കേറ്റ് ഉണ്ടായ അപകടത്തെ തുടർന്ന് ചികിത്സയ്ക്ക് വിധേയമായ 10.07.2025 മുതൽ 31.08.2025 വരെയുള്ള 53 ദിവസങ്ങളിൽ പ്രത്യേക അവശത അവധി അനുവദിക്കുന്നതിന് ശ്രീ ചന്ദ്രമോഹൻ ടി കെ സമർപ്പിച്ച പരാമർശം (2) അവധി അപേക്ഷ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സഹിതം പരാമർശം (1) പ്രകാരം സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔദ്യോഗിക ഡ്യൂട്ടിക്ക് ഹാജരാകുവാൻ വരുമ്പോൾ ഉണ്ടായ പരിക്കാണെന്ന് നേരിട്ട് ബോധ്യമുള്ളതായി സ്ഥാപന മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃക്കരിപ്പൂർ സർക്കാർ പോളിടെക്‌നിക്ക് കോളേജിലെ ക്ലാർക്ക് ശ്രീ ചന്ദ്രമോഹൻ ടി കെ. ക്ക് 10.07.2025 മുതൽ 31.08.2025 വരെയുള്ള 53 ദിവസത്തേക്ക് കെ.എസ്.ആർ, ഭാഗം 1, ചട്ടം - 97 ,98 എന്നിവയിലെ നിബന്ധനകൾ പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SANTHOSHKUMAR P B

UNDER SECRETARY

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, സർക്കാർ പോളിടെക്നിക് കോളേജ്, തൃക്കരിപ്പൂർ.

ശ്രീ ചന്ദ്രമോഹൻ ടി കെ, ക്ലാർക്ക്, സർക്കാർ പോളിടെക്നിക് കോളേജ്, തൃക്കരിപ്പൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A & E) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

*www.highereducation.kerala.gov.in.*

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (HEDN-G3/277/2025-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
Date: 15-10-2025 11:17:14

സെക്ഷൻ ഓഫീസർ